റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം

217 (4208) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) റബ്ബറിന്റെ വൈവിദ്ധ്യവൽക്കരണത്തിനായി വിവിധ ഫാക്ടറികളുടെ പ്രവർത്തനം വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പകരം എന്ത് സംവിധാനം കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) റബ്ബർ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടും വിധം റബ്ബർ പാർക്കിന്റെ പ്രവർത്തനം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അനുയോജ്യമായ ഭൂമി ലഭിക്കാതിരുന്നതുകൊണ്ടാണ് റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത്.

(ബി) കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് സംയുക്ത സംരംഭമായി എറണാകുളം ജില്ലയിലെ ഐരാപുരത്ത് നിലവിൽ ഒരു റബ്ബർ പാർക്ക് ഉള്ളതുകൊണ്ടും കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽപ്പെട്ട, പിറവന്തൂരിൽ പ്രവർത്തനം നിലച്ച ട്രാവൻകൂർ പ്ലൈവുഡിന്റെ 51 ഏക്കർ ഭൂമിയിൽ റബ്ബർ ബോർഡും കിൻഫ്രയും ചേർന്ന് പുതുതായി ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുകൊണ്ടും, റാന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് വയ്ക്കാൻ 24-7-2014-ൽ ചേർന്ന 64-ാമത് കിൻഫ്ര ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപകരം വേറെ സംവിധാനം കൊണ്ടുവരാൻ തീരുമാനമൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

(സി) റാന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്നുവച്ച സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടില്ല.

കൊണ്ടോട്ടി താലൂക്ക് വ്യവസായകേന്ദ്രം ഓഫീസ്

218 (4209) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്ക് കേന്ദ്രങ്ങളിൽ വ്യവസായ കേന്ദ്രത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി വ്യവസായകേന്ദ്രം ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly